61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 107

# ആവിഷ്കാരസ്വാതന്ത്ര്യം സാമൂഹികജീവിതത്തിൽ

ഒരു സാമൂഹിക ജീവി എന്ന നിലയിൽ ഓരോ പൗരനും സ്വാതന്ത്ര്യമുണ്ട്. സ്വന്തം ഇഷ്ടാനുസരണം ജീവിക്കാൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്. ഇന്നത്തെ സമൂഹത്തിൽ ഓരോരുത്തർക്കും സ്വന്തമായ നിലപാടുകളുണ്ട് അതിനനുസൃതമായി മാത്രമാണ് എല്ലാവരും ജീവിക്കുന്നത്. സ്വന്തം നിലപാടുകൾ സമൂഹത്തിൽ ആവിഷ്കരിക്കുന്നതിന് മതമോ പ്രായമോ ഒരു വിലങ്ങുതടിയല്ല. എന്നാൽ ഈ ആവിഷ്കരണത്തിന് പരിമിതി ഉണ്ടോ? നമ്മുടെ ആവിഷ്കരണങ്ങൾ അടിച്ചമർത്തലുകൾ ആവാതിരിക്കണം അതാണ് യഥാർത്ഥ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിൽക്കുന്നത്.

ഒരു വാർത്ത കേട്ടാൽ എല്ലാവരും പല രീതിയിലാണ് ചിന്തിക്കുക. ആ വാർത്ത മറ്റൊരാളിലേക്കെത്തുന്നത് അയാളുടെ ആവിഷ്കാരം ചേർത്തിട്ടാണ്. മാധ്യമ വാർത്തകൾ ഇതിനുള്ള

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 107

ഉദാഹരണമാണ്. സമൂഹത്തിൽ നടന്ന ഒരു
കാര്യത്തെ വ്യത്യസ്ത മാധ്യമങ്ങൾ പലതരത്തിൽ
റിപ്പോർട്ടുകളായി പ്രചരിപ്പിക്കുന്നു. മൂന്നോ-നാലോ
വാർത്ത കേട്ടാൽ അല്ലെങ്കിൽ പത്രം വായിച്ചാൽ
ഓരോ വാർത്തയിലും പരസ്പരം വ്യത്യാസങ്ങളു-
ണ്ടാകും. യഥാർത്ഥത്തിൽ നടന്നതെന്തെന്ന് അത്
നേരിൽക്കണ്ട് മാത്രമെ വിശ്വസിക്കാനാകൂ. നമ്മുടെ
പാഠ്യപദ്ധതിയിൽ പത്താം ക്ലാസ് അടിസ്ഥാനപാഠാ-
വലിയിലെ പത്രനീതി എന്ന പാഠം വായിച്ചാൽ
പത്രങ്ങളുടെ ആവിഷ്ക്കാര സ്വാതന്ത്ര്യം എന്ത്
നിലയിലേക്കിന്ന് എത്തിയിരിക്കുന്നുവെന്ന് നമുക്ക്
മനസ്സിലാക്കാം. പത്രങ്ങളും സമൂഹമാധ്യമങ്ങളും
വാസ്തവരഹിതമായ വാർത്തകൾ പ്രചരിപ്പിക്കുന്ന-
തിലൂടെ അവരുടെ വിശ്വസ്തത സ്വയം കളഞ്ഞുകുള-
ത്തിരിക്കുകയാണ്. "പത്രങ്ങൾ ചെയ്യുന്ന ഏറ്റവും
വലിയ ഉപകാരം അച്ചടിച്ചത് അവിശ്വസിക്കാൻ
ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്" എന്ന
പ്രസ്താവന ആവിഷ്ക്കാരസ്വാതന്ത്ര്യത്തിന്റെ ഇന്നത്തെ
ഉപയോഗത്തെ പരിഹസിക്കുന്നതാണ്.
സ്വന്തം അനുഭവത്തിൽ നിന്ന് മാധ്യമങ്ങളുടെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഉദാഹരണം:
എന്റെ കുടുംബത്തിലുണ്ടായ ഒരു വാഹനാപകടത്തെക്കുറിച്ച് പത്രത്തിൽ വാർത്ത വന്നിരുന്നു. ഒരു പത്രത്തിൽ ഡ്രൈവർ ഉറങ്ങിയതുമൂലം ഒന്നിൽ രാത്രി ഡ്യൂട്ടി കഴിഞ്ഞ് വരുന്നതിന്റെ ക്ഷീണം കൊണ്ട് എന്നാൽ യഥാർത്ഥത്തിൽ ഒരു പൂച്ച വട്ടം ചാടിയതുകൊണ്ട്. സ്വന്തം അഭിപ്രായം അവർ പത്രത്തിലൂടെ ആവിഷ്കരിച്ചതിലെ ഭിന്നത ഇവിടെ വ്യക്തമാണ്.

• കുറച്ച് കാലം മുൻപ് "മീശ" എന്നൊരു കൃതി വലിയ ജനശ്രദ്ധ നേടിയിരുന്നു. മാതൃഭൂമിയിലൂടെയാണ് 'മീശ' പ്രസിദ്ധീകരിച്ചത്. വലിയ വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ട് ഇതിന്. 'മീശ'യിൽ എഴുത്തുകാരൻ സ്വന്തം കാഴ്ചപ്പാടും അഭിപ്രായവുമാണ് ആവിഷ്കരിച്ചത്. എന്നാൽ ഇതിനെ നിരവധി പേർ എതിർത്തതെന്തുകൊണ്ട്? അവരുടെ ആവിഷ്കാരസ്വാതന്ത്ര്യം മറ്റൊരാൾക്ക് ഉൾക്കൊള്ളാനാവുന്നതല്ലാത്തതിനാലാണ്. ആവിഷ്കാരസ്വാതന്ത്ര്യം ആവശ്യമാണ് എങ്കിലേ പല പ്രശ്നങ്ങളും സമൂഹത്തിൽ ശ്രദ്ധിക്കപ്പെടുകയുമുള്ളൂ. എന്നാൽ ഇതിന് ഒരു പരിധി കൃത്യമായി നിർവചിക്കാൻ സാധിക്കില്ല എന്നതാണ് വാസ്തവം.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

നിലവിലെ കാലയളവിൽ രാജ്യത്ത് 'ബജറ്റ്' പ്രഖ്യാപിക്കുന്നുണ്ട്. നിയമവിധേയരുടെ അഭിപ്രായ-ങ്ങൾക്കനുസൃതമായി ആവിഷ്കാരസ്വാതന്ത്ര്യത്തോടെ-യാണ് നിർമ്മല സീതാറാം ബജറ്റ് പ്രഖ്യാപിക്കുന്നത്. ഭരണപക്ഷവും പ്രതിപക്ഷവും അവരുടെ ആവിഷ്-കാരസ്വാതന്ത്ര്യം ഉപയോഗിച്ച് പുതിയ പദ്ധതികളും ബില്ലുകളും രൂപീകരിക്കുന്നുണ്ട്. ഇത് ചിലപ്പോൾ നടത്തപ്പെടുകയും വിമർശിച്ച്പോകുകയും ചെയ്യുന്നു. കാരണം ആ ആവിഷ്കാരസ്വാതന്ത്ര്യം എല്ലാവർക്കും അംഗീകരിക്കാവുന്നതല്ല.

- കുഞ്ചൻ നമ്പ്യാർ ആദ്യമൊരു ചാക്യാർകൂത്തിന് മിഴാവുകൊട്ടു-കാരനായിരുന്നു. ചാക്യാർകൂത്തിനിടെ ഒന്ന് മയങ്ങി-പ്പോയതിനെത്തുടർന്ന് ചാക്യാർ കാണികൾക്കുമുന്നിൽ-വച്ച് ഏറെ കളിയാക്കി. അന്ന് ഏറെ ദു:ഖിതനായ കുഞ്ചൻ നമ്പ്യാർ സ്വയം ആവിഷ്കരിച്ചെടുത്തതാണ് 'തുള്ളൽ' എന്ന കലാരൂപം. ഏറെ ജനശ്രദ്ധനേടിയ കലാരൂപം നമ്പ്യാരുടെ ആവിഷ്കാരസ്വാതന്ത്ര്യ-ത്തിന്റെ ഔചിത്യപൂർണ്ണമായ ഉപയോഗത്തിന്റെ അനന്തരഫലമാണ്. ഇത്തരം ഒരോ പ്രസ്ഥാനവും രൂപംകൊണ്ട് ശ്രദ്ധേയമായത് ആവിഷ്കാരസ്വാത-

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 107

ന്ത്ര്യത്തിന്റെ ഫലമായാണ്.

• പലർക്കും എഴുതാൻ വലിയ കഴിവുകളുള്ളവരാണ്. കവിത, കഥ, ലേഖനം എന്നിവയിൽ പുതുമയാർന്ന ആശയങ്ങൾ കൊണ്ടുവന്ന് മികവുപുലർത്താൻ സ്ത്രീകൾക്കും സാധിക്കും. സമൂഹമാധ്യമത്തിൽ ഒരിക്കൽ കണ്ട വീഡിയോയിൽ പത്തനംതിട്ട കളക്ടർ ദിവ്യ എസ് അയ്യർ തന്നെ കാണാൻ വന്ന ശാന്ത എന്ന ഒരു സ്ത്രീയെക്കുറിച്ച് പറയുന്നുണ്ട്. ശാന്ത വളരെ ശാന്തയായിരുന്നു. അവൾ ചെറുപ്പം മുതൽ കവിതാരചനയിലെ തന്റെ കഴിവ് വ്യക്തമായി പ്രകടി-പ്പിച്ചിരുന്നു. വിവാഹശേഷം അവൾ അവളല്ലാതായി. വീട്ടകത്തിലേക്ക് അടുക്കളയിലേക്ക് ഭർത്താവിന്റെയും തന്റെ മൂന്ന് മക്കളുടെയും കാര്യങ്ങളിലേക്ക് അവൾ ഒതുങ്ങിപ്പോയി. കുറച്ച് കാലങ്ങൾക്ക് ശേഷമാണ് സ്വന്തം കഴിവിനെക്കുറിച്ചുള്ള തിരിച്ചറിവ് അവൾ-ക്കുണ്ടായത്. കളക്ടറെ കാണാൻ അന്ന് അവൾ വന്നത് അവളുടെ രചനകൾ വായിച്ചുകേൾപ്പിക്കാനാണ്. അവൾ അന്ന് പൊട്ടിക്കരഞ്ഞു. ശാന്തയെന്ന സ്ത്രീയുടെ ആവിഷ്കാരസ്വാതന്ത്ര്യമാണ് അവളുടെ രചനകൾ എന്നാൽ അതിനെ പിടിച്ചുകെട്ടാൻ ഭർത്താവിനോ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

കൂടുംബത്തിനോ അർഹതയില്ല. ആ സ്വാതന്ത്ര്യം പിടിച്ചുകെട്ടാവുന്നതല്ല.

ഇന്നത്തെ സമൂഹത്തിൽ നിലനിൽക്കുന്ന പല അനീതികളും അനാചാരങ്ങളുമുണ്ട്. ഇതിനെതിരെ ശബ്ദമുയർത്തുന്ന കവിതകളും കഥകളും മറ്റ് രചനകളും ജന്മമെടുക്കുമ്പോൾ ഇത്തരം അനീതികളും അനാചാരങ്ങളും മരണമടയും. ഇത്തരം രചനകൾ സമൂഹത്തിനൊരാവശ്യമാണ് അതിന് ആവിഷ്കാരസ്വാതന്ത്ര്യം ഉണ്ടാവണം.

• ഈ ആവിഷ്കാരസ്വാതന്ത്ര്യമാണ് പുതിയ സിനിമകൾക്ക് ജന്മം നൽകുന്നത് പുതിയ പ്രതിഭകൾക്ക് ജന്മം നൽകുന്നത്. ഇയ്യിടെ പുറത്തിറങ്ങിയ ഉണ്ണി മുകുന്ദന്റെ ഒരു പടത്തിൽ ആമ്പുലൻസിൽ 'സേവാഭാരതി' എന്ന പേര് ഉള്ളത് വലിയ വിമർശനത്തിനിരയായിരുന്നു. നിർമ്മാതാവിന്റെ കഥാകൃത്തിന്റെയും ആവിഷ്കാരസ്വാതന്ത്ര്യത്തിൽ വിരിഞ്ഞതാണ് അവ എന്നാൽ മറ്റുപലർക്കും അത് ഉൾക്കൊള്ളാനാവുന്നില്ല. 'കെ.ജി.എഫ് 2' എന്ന ചിത്രം ഏറെ ജനങ്ങളുടെ ഇഷ്ടം കീഴടക്കിയ ഒന്നാണ്. ചിത്രം അതിന്റെ ആവിഷ്കാരസ്വാതന്ത്ര്യത്തോടെ ഒരു ടീസർ പുറത്തിറക്കി-

യിരുന്നു. പുകവലിക്കുന്ന നിരവധി ദൃശ്യങ്ങളുടെ ടീസറിൽ 'പുകവലി ആരോഗ്യത്തിന് ഹാനികരം' എന്നിങ്ങനെയുള്ള ഒന്നും പ്രദർശിപ്പിച്ചിട്ടില്ല. ഇത് നിയമപ്രകാരം തെറ്റായതിനാൽ 'കോട്പാ ആക്ട്' പ്രകാരം ദൃശ്യങ്ങൾ ഒഴിവാക്കണം എന്നീ പ്രശ്നങ്ങൾ നേരിട്ടിട്ടുണ്ട്. ഇത് ഒരുപക്ഷേ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പരിധികടക്കലായി പറയാം.

• ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ വിപുലമായ ശേഖരം ഉത്തരക്കടലാസുകളിൽ ദൃശ്യമാകാറുണ്ട്. പല ചോദ്യങ്ങൾക്കും എഴുതുന്ന ഉത്തരങ്ങൾ അദ്ധ്യാപകരെ ആശ്ചര്യപ്പിക്കുന്നവയുമാകാറുണ്ട്. ഇപ്പോൾ യൂട്യൂബ് പോലുള്ള സാമൂഹികമാധ്യമത്തിൽ ചില ഉത്തരക്കടലാസുകളിലെ രസകരമായ ഉത്തരങ്ങൾ വീഡിയോ ആയി വരാറുണ്ട്. ചെറുപ്പം കുട്ടികളുടെ അത്തരം ഉത്തരങ്ങൾ അവരിലെ ആവിഷ്കാരസ്വാതന്ത്ര്യം എത്രത്തോളം അവർ ഉപയോഗപ്പെടുത്തുന്നുണ്ട് എന്നതിന്റെ രസകരമായ ഉദാഹരണമാണ്.

പുതിയ പരസ്യങ്ങൾ പുത്തൻ ചിന്തകളുള്ളതാണ് ഇതും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ ഫലമാണ്. ഈയിടെ വന്ന ഒരു പരസ്യമാണ് 'ചാവറ മാട്രിമോണി'

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

യുടെയാണ്. ആശയം ഇങ്ങനെ : സാറക്ക് ആദ്യം
കുട്ടികളോടും, കല്യാണത്തിനോടും, ഉത്തരവാദിത്വങ്ങ-
ളോടുമൊന്നും താൽപര്യമില്ലായിരുന്നു. എന്നാൽ
ഇത് ചാവറ മാട്രിമോണിയിലൂടെ 'എബിയെ' കണ്ടെ-
ത്തുന്നതുവരെമാത്രം. അവസാന വാചകം പറയുന്ന
സമയത്ത് സാറക്ക് മൂന്ന് കുട്ടികളുണ്ട് അവർക്ക്
ഭക്ഷണം കൊടുക്കുന്നു, അവൾ അപ്പോൾ ഗർഭി-
ണിയാണ് മറുവശത്ത് എബി എല്ലാം നോക്കി
നിൽക്കുന്നു. മുഴുവൻ സന്തോഷം. അവരുടെ
പരസ്യത്തിനായി ചെയ്തതാണെങ്കിലും ഒരു പൂർണ്ണ
ഗർഭിണി നിലത്തിരുന്ന് കുട്ടികൾക്ക് ഭക്ഷണം കൊടു-
ക്കുമ്പോൾ ഭർത്താവ് സഹായിക്കാതെ നോക്കി നിൽ-
ക്കുന്നത് കാട്ടി സാറ ഇപ്പോൾ അവൾക്കിഷ്ടമില്ലാ-
ത്തതെല്ലാം ഇഷ്ടപ്പെടുന്നു എന്ന് പറയുന്നത്
ഒരു തെറ്റായ ചിന്ത കാണികളിൽ ഉളവാക്കുന്നു
എന്നത് ആവിഷ്കാരസ്വാതന്ത്ര്യം കുറച്ചുകൂടി
പക്വതയോടെ ചെയ്യണം എന്ന തിരിച്ചറിവ് നൽ-
കുന്നു.

• 'വിം ലിക്വിഡി'ന്റെ പരസ്യത്തിലും ഭാര്യയുടെ കഴിവ്
മനസ്സിലാക്കുന്ന ഒരു ഭർത്താവിനെ കാണിച്ച് ഇന്ന

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

Item Code: 643 Participant Code: 107

പ്രൊഡക്റ്റിന്റെ ഉപയോഗം കാരണം വേഗം പാത്രങ്ങൾ കഴുകിക്കഴിഞ്ഞില്ലെ ഇനി കഴിവ് പ്രകടിപ്പിക്കാൻ സമയമില്ലേ? എന്ന് ഭർത്താവ് ചോദിക്കുന്നു. പരസ്പര സഹായമില്ലാതെ വീട്ടുജോലിയെല്ലാം ഭാര്യ ചെയ്ത് സമയം ബാക്കിവരുമ്പോൾ ഭാര്യ അവളുടെ ഇഷ്ടങ്ങൾ നിറവേറ്റട്ടെ എന്ന ഒരു ചിന്ത കാണികളിൽ ഉളവാകാൻ സാധ്യതയുണ്ട്. പക്വതയില്ലാത്ത ആവിഷ്കാരസ്വാതന്ത്ര്യം പാടില്ല എന്നതിന് ഇവ ഒരു ഉദാഹരണമാണ്.

'ആവിഷ്കാരസ്വാതന്ത്ര്യം' ഒരു സ്വാതന്ത്ര്യമാണ്. സ്വാതന്ത്ര്യത്തിന്റെ അർത്ഥം ശരിയായി മനസ്സിലാക്കി-വേണം ആവിഷ്കാരസ്വാതന്ത്ര്യം ഉപയോഗപ്പെടുത്താൻ ആവിഷ്കരിക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. അതിന് കൃത്യമായി പരിധി നിശ്ചയിക്കാനും സാധിക്കില്ല. മറ്റുള്ളവരുടെ നന്മയ്ക്കായി, രാജ്യത്തിന്റെ നല്ല ഭാവിയ്ക്കായി നിർമ്മിച്ച നിയമങ്ങളെ എതിർക്കുന്നതോ തെറ്റായ ചിന്തകളും ആശയങ്ങളും പ്രചരിപ്പിക്കുന്നതോ ആകരുത് ആവിഷ്കാരങ്ങൾ. ആവിഷ്കാര സ്വാതന്ത്ര്യം സാമൂഹ നന്മയ്ക്കായി ഉപയോഗിക്കുന്നിടത്താണ് സാമൂഹ്യജീവിതത്തിൽ ഇതിന്റെ പങ്ക് ഏറുന്നത്. മനുഷ്യന്റെ വികാരങ്ങളുടെ വളർച്ച ക്രമം

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

Item Code: 643 Participant Code: 107

സ്വയംഹിതം, സ്വജനഹിതം, പരജനഹിതം, അന്യ-
ജനഹിതം, സർവ്വജനഹിതം എന്നിങ്ങനെയാണ്.
ഇന്നത്തെ സമൂഹം സ്വയംഹിതത്തിൽ മാത്രം
കുടുങ്ങി നിൽക്കുന്നതായാണ് നമുക്ക് കാണാൻ
സാധിക്കുന്നത്. സ്വയംഹിതത്തിൽനിന്ന് സർവ്വജന-
ഹിതത്തിലേക്കെത്തിക്കുള്ള ഒരാളുടെ ആവിഷ്കാര-
സ്വാതന്ത്ര്യത്തിന്റെ പക്വതയോടെയുള്ള ഫലപ്രദമായ
ഉപയോഗം സാമൂഹ്യജീവിതത്തെ ഏറ്റവും ഉയർന്ന
തലത്തിലേക്ക് കൊണ്ടെത്തിക്കുക എന്ന ഇന്ത്യൻ
പൗരനെന്ന നിലയ്ക്കുള്ള ഒരാളുടെ സ്വപ്നത്തെ
സാർഥകമാക്കുന്നതാണ്.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)